പ്രത്യാശ

********

സ്വപ്നങ്ങളുടെ കയറ്റിറക്കങ്ങളിൽ

ബാക്കിയാവുന്ന കിതപ്പ്..

ഓർമ്മകളുടെ നെരിപ്പോടിൽ

നീറിയമരുന്ന നിശ്ശബ്ദത..

ഉയരങ്ങൾക്കും ആഴങ്ങൾക്കും

ഇടയിൽ,

ഒറ്റപ്പെടലിന്റെ കണ്ണീർത്തണുപ്പ്..

അകലുന്ന ചിറകടിയൊച്ചകളിൽ

ഒളിഞ്ഞിരിപ്പുണ്ട്,

പിടഞ്ഞുണരുന്നതിന്റെ ഇച്ഛാഭംഗം..

പകുതിയിൽ പൊലിഞ്ഞുപോയ

സ്വപ്നപ്പക്ഷികൾ ചേക്കേറിയത്

ഏതു ചില്ലയിലാണ്?

ചതഞ്ഞരഞ്ഞ രാത്രികളുടെ

കൂമ്പാരം കെട്ടിവച്ച്

പുലരികളിൽ പൂചൂടിയിറങ്ങും

ചില സ്വപ്നങ്ങൾ..!

വീണ്ടുമൊരു യാത്ര പോകാനായി

ഉയരും തോറും പറന്നുയരാനായി

ഇനി കാത്തിരിപ്പ്..!!